HON'BLE MR. A. J. JOHN : (*a*) Yes.

(*b*) Yes.

(*c*) & (*d*) Consultations were held with the Cochin Government and final orders will be issued immediately.

Village Panchayats and Unions.

*9. MR. PAUL THALIAT: Will the Hon'ble Minister for Village Panchayats and Unions be pleased to state :

(*a*) whether the Budgets of the Village Panchayats and Unions for 1124 have been sanctioned and if so, when ; and

(*b*) if the answer to (a) is in the negative, whether the Government is aware that the Unions and Panchayats will not be able to do any useful work for the benefit of the villagers except that of spending money for establishment etc. ?

HON'BLE MR. N. KUNJURAMAN : (*a*) Most of the Budget estimates have been sanctioned ; and the rest now under scrutiny by Government, will also be sanctioned shortly.

(*b*) Does not arise in the light of the above answer.

MR PAUL THALIAT : ഈ വില്ലേജ്യൂണിയന്കളുടേയും വില്ലേജ് പഞ്ചായത്തുകളുടേയും ബഡ്ജറു ക്കിടകം അവസാനത്തിൽ തന്നെ പാസ്സാക്കേണ്ടതായിരുന്നില്ലേ ? ഇപ്പോൾ വൃശ്ചികം അവസാനിക്കാറായിട്ടും അതു് പാസ്സാക്കാതിരുന്നതിനു പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ ?

HON'BLE MR. N. KUNJURAMAN: പ്രത്യേക കാരണങ്ങൾ ഒന്നുമില്ല. ആവശ്യമായ സ്ക്രൂട്ടിനി ബഡ്ജറു് പാസ്സാക്കുന്നതിനുമുമ്പു് നടത്തേണ്ടതായിട്ടുണ്ടു്. അതു ചെയ്തുകൊണ്ടിരിക്കുകയാണു്.

MR. PAUL THALIAT : ഇങ്ങനെ നാലുമാസം ബഡ്ജറു് അംഗീകരിക്കാതെ വച്ചുകൊണ്ടിരുന്നാൽ വില്ലേജ്യൂണിയന്റേയും മറ്റും പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ പ്രയാസമാണെന്നു അറിയാമോ?

HON'BLE MR. N. KUNJURAMAN : പ്രയാസമാണെന്നു് അറിയാം. കഴിയുന്നതും വേഗത്തിൽ ബഡ്ജറു് സാംക്ഷൻ ചെയ്യുന്നതാണു്.

Audit Department.

*10. MR. PAUL THALIAT : Will the Honourable Minister for Finance be pleased to state :

(*a*) whether separate Audit departments are functioning for the audit of Local Fund and University ; and

(*b*) if the answer to (a) is in the affirmative, whether Government have considered the question of converting the two departments into two sections under the Accountant-General's Office so as to reduce the staff and expenditure on that account to 50 per cent ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN: (*a*) No. There is only one Audit Department, viz. the Local Fund Audit Department, for the audit of accounts of the Travancore University and the Local Funds.

(*b*) Does not arise in view of (a) above.

കുറഞ്ഞ ശമ്പളം.

* 11. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഏറ്റവും കുറഞ്ഞ ശമ്പളം ൪൦ രൂപയായി നിശ്ചയപ്പെടുത്തുന്നതിനു് സർക്കാരിനു് കൂടുതലായി വേണ്ടുന്ന തുക എത്ര?

HON'BLE MR. A. J. JOHN: 1. Pensionable staff—Rs. 54 Lakhs roughly
2. Non-pensionable staff—Rs. 17.25 Lakhs.

Total Rs—71.25. Lakhs

MR. K. K. CHELLAPPAN PILLAI: ഇപ്പോൾ ഗവണ്മെൻറു് സർവീസിൽ ഉള്ളവർക്കു കൊടുക്കുന്ന ഏറ്റവും കുറഞ്ഞ ശമ്പളം, എത്രയാണു്?

HON'BLE MR. A. J. JOHN: ൪൫ രൂപയാണു്.

MR. K. K. CHELLAPPAN PILLAI: ഈ തുക വർദ്ധിപ്പിക്കുന്നതിനു് എന്തെങ്കിലും ഗവണ്മെൻറു് ആലോചനയിലുണ്ടോ?

HON'BLE MR. A. J. JOHN: ഒരു പേ കമ്മിഷനെ ഏർപ്പെടുത്തിയിട്ടുണ്ടു്. ആ കമ്മീഷന്റെ റിപ്പോർട്ടു വന്നതിനുശേഷം ഗവണ്മെൻറു് അതേപ്പറ്റി ആലോചിക്കുന്നതാണു്.

MR. WILSON PETER: ഇൻഡ്യാഗവണ്മെൻറു് ഒരു പേ കമ്മീഷനെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. J. JOHN: അറിയാം. എന്നാൽ റിപ്പോർട്ടു കിട്ടിയിട്ടില്ല.

MR. WILSON PETER: ഈ സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറു് നൽകുന്ന നിർദ്ദേശം സ്വീകരിക്കുവാൻ ഈ ഗവണ്മെൻറും തയ്യാറാകുമോ?

HON'BLE MR. A. J. JOHN: അങ്ങനെ ചെയ്യുമെന്നോ ചെയ്യാതിരിക്കുമെന്നോ ഖണ്ഡിതമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഇവിടത്തെ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ചു വേണ്ടതാലോചിക്കാം: എന്നു പറയാതെ ഇപ്പോൾ നിവൃത്തിയുള്ളു.

MR. K. K. CHELLAPPAN PILLAI: പേ കമ്മിഷൻ റിപ്പോർട്ടു് എന്നു പുറത്തു വരുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly